# നീര മാസ്റ്റർ: ഇരുപത് ട്രെയിനർമാർ പരിശീലനം പൂർത്തിയാക്കി

ആലുവ: നാളികേര വികസന ബോർഡിന്റെ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ ഇരുപത് ടെക്നീഷ്യൻമാർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. രണ്ടാഴ്ചയായി പരിശീലന പരിപാടികൾ നടത്തി വരികയായിരുന്നു. നീരയ്ക്ക് അതിന്റേതായ പ്രാധാന്യമുണ്ടെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. .

കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരാണ് പരിശീലനം പൂർത്തിയാക്കിയത്. ഇവർ ഈ വർഷം അതത് ജില്ലകളിലെ നൂറോളം പേർക്ക ഇവർ പരിശീലനം നൽകുമെന്ന് ചെയർമാൻ പറഞ്ഞു.

നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ.കെ. മുരളീധരൻ സംസാരിച്ചു. നാളികേര വികസന ബോർഡ് പ്രോസസിംഗ് എൻജിനീയർ ശ്രീകുമാർ പൊതുവാൾ സ്വാഗതവും, സി.ഡി.ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രോജക്ട് മാനേജർ പി.എസ്. ശ്രീജിത നന്ദിയും പറഞ്ഞു. ആലപ്പുഴ, കോഴിക്കോട് ഫെഡറേഷൻ ഭാരവാഹികളും പങ്കെടുത്തു.



നാളികേര വികസന ബോർഡിന്റെ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ ടെക്നീഷ്യൻമാരുടെ സർട്ടിഫിക്കറ്റു വിതരണം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്യുന്നു